<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541</u> <u>01-02-2024 - ൽ മറുപടിയ്ക്ക്</u>

<u>കരിമ്പുകയം ചെക്ക്ഡാമിന് സമീപമുള്ള പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിൽപ്പെട്ടതും കരിമ്പുകയം ചെക്ക് ഡാമിന് സമീപമുള്ള ഏകദേശം ഒന്നര കിലോമീറ്റർ സർക്കാർ പുറമ്പോക്ക് സ്ഥലം 30-03-2017-ൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പാലാക്കുന്നേൽ എസ്റ്റേറ്റിന്റെ പേരിൽ തണ്ടപ്പേർ പിടിച്ചിട്ടുണ്ടോ; പ്രസ്തുത തിരുത്തൽ ഏതടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (എ) | ചെറുവള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ൽ തണ്ടപ്പേർ 7348 മുതൽ ക്രമമായി 7358 വരെ തണ്ടപ്പേർ പിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ ഒ.എസ് കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തിരുത്തൽ വരുത്തിയിട്ടുള്ളത്. |
| (ബി) | കാഞ്ഞിരപ്പള്ളി തഹസിൽദാരെ കോടതിയിൽ വിളിച്ചുവരുത്തി സർക്കാർ രേഖയിൽ തിരുത്തൽ വരുത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. വാദികൾ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ വിവിധ നമ്പരുകളിലായി വിധി നടത്തിപ്പിനായുള്ള കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ വിധി പ്രകാരമുള്ള വസ്തുക്കൾ ബഹുമാനപ്പെട്ട കോടതി വാദികൾക്ക് കൈമാറുകയുമുണ്ടായി. 31.03.2017-ൽ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാരെ വിളിച്ച് വരുത്തുകയും രേഖകളിൽ മാറ്റം വരുത്തുന്നതിന് ആജ്ഞാപിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം കോടതി മുറിയിൽ വച്ച് തന്നെ തണ്ടപ്പേർ നമ്പർ 7348 മുതൽ 7358 വരെയുള്ള നമ്പരുകളിൽ വാദികളുടെ പേരിൽ തണ്ടപ്പേർ പിടിച്ച് ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ ഹാജരാക്കി. |
| (സി) | പ്രസ്തുത ഭൂമിയുടെ അളവ് എത്രയുണ്ടെന്ന് അറിയിക്കുമോ; | (സി) | 02.1793 ഹെക്ടർ |
| (ഡി) | ഇങ്ങനെ തണ്ടപ്പേരിൽ ചേർത്ത ഭൂമിയിൽ മണിമലയാറും കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന ഗുരുതര | (ഡി) | മണിമലയാറിന്റെ നീരൊഴുക്ക് ഇല്ലാത്ത ഭാഗം കോടതി ഉത്തരവ് പ്രകാരം തണ്ടപ്പേരിൽ ചേർത്ത |

| | | | |
|---|---|---|---|
| | സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഭൂമിക്കും സ്വകാര്യ വ്യക്തിയുടെ ഭൂമിക്കും ഇടയിൽ ഇനിയും റവന്യൂ പുറമ്പോക്ക് ബാക്കിയുള്ളത് പരിശോധിക്കാമോ; അതിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ; | | ഭൂമിയിൽ ഉൾപ്പെട്ടു വരുന്നുണ്ട്. ഈ ഭൂമിക്കും സ്വകാര്യ വ്യക്തിയുടെ ഭൂമിക്കുമിടയിൽ റവന്യൂ പുറമ്പോക്ക് ഇല്ലാത്തതാണ്. |
| (ഇ) | ഇത് സംബന്ധിച്ച കോട്ടയം കളക്ടറേറ്റിലെ ഇ1/49298/11 എന്ന ഫയൽ മുഖേന പ്രസ്തുത കേസിൽ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ അപ്പീൽ പോകുന്നതിന് നടപടി ത്വരിതപ്പെടുത്തുമോ; | (ഇ) | ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതി വിധിക്കെതിരെ അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വേ, കോട്ടയം ബഹുമാനപ്പെട്ട പാല സബ് കോടതിയിൽ എ.എസ്. 78/2015 മുതൽ 89/2015 വരെ നമ്പരുകളിലായി അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (എഫ്) | സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനുള്ള നിയമത്തിന് വിരുദ്ധമായ ഈ നടപടികൾ സംബന്ധിച്ച് റവന്യൂ, ഇന്റലിജൻസ് സഹിതമുള്ള ഏജൻസികളുടെ സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; | (എഫ്) | അന്വേഷണ ഏജൻസികളുടെ സമഗ്രമായ അന്വേഷണം ശുപാർശ ചെയ്യുന്നതിന് ആക്ഷേപമില്ലാത്തതാണ്. |
| (ജി) | എത്രയും വേഗം കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാറുടെ 30-03-2017-ലെ ഡി3/6115/10 നമ്പർ നടപടി ഉത്തരവ് റദ്ദ് ചെയ്ത് സർക്കാർ ഭൂമി തിരികെപ്പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | ബഹുമാനപ്പെട്ട കോടതി ആജ്ഞ പുറപ്പെടുവിച്ച് നടത്തു കൈചീട്ട് നൽകി വസ്തു ഏറ്റെടുത്ത് വാദിക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽ കോടതി ഉത്തരവിലൂടെ മാത്രമേ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാരുടെ 30.03.2017-ലെ ഡി3-6115/2010 നമ്പർ നടപടി ഉത്തരവ് റദ്ദ് ചെയ്യുവാൻ സാധിക്കുകയുള്ളൂ . |

സെക്ഷൻ ഓഫീസർ